പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3797 15.03.2017-ൽ മറുപടിക്ക്

പാലക്കാട് ജില്ലയിലെ ചെക്ക് പോസ്റ്റുകളുടെ നവീകരണ പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. ബാബു | | ഡോ. ടി.എം. തോമസ് ഐസക്ക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിലെ ചെക്ക് പോസ്റ്റുകളുടെ നവീകരണ പ്രവർത്തനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | ചരക്ക് സേവന നികുതി പ്രാബല്യത്തിൽ വരുന്നതോടെ വാണിജ്യ നികുതി വകുപ്പിന്റെ ചെക്ക് പോസ്റ്റ് പരിശോധനകൾ പുന:ക്രമീകരിക്കേണ്ടതായി വരും. പ്രസ്തുത സാഹചര്യം പരിഗണിച്ച് പാലക്കാട് ജില്ലയിലെ നിർദ്ദിഷ്ട വാളയാർ ഇന്റഗ്രേറ്റഡ് ചെക്ക് പോസ്റ്റ് ഉൾപ്പെടെയുള്ളവയുടെ വികസനത്തിന് എക്സൈസ് വകുപ്പിനെ നോഡൽ വകുപ്പായി സർക്കാർ തീരുമാനിച്ചിട്ടുണ്ട്. എക്സൈസ് വകുപ്പ് ചില ചെക്ക് പോസ്റ്റുകളിൽ നവീകരണത്തിന്റെ ഭാഗമായി കണ്ടെയ്നർ മോഡ്യൂളുകൾ സ്ഥാപിക്കുകയും അനർട്ടുമായി ബന്ധപ്പെട്ട് സോളാർ ഹൈമാസ്റ്റ് ലാമ്പ് സ്ഥാപിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. തെരഞ്ഞെടുത്ത 14 എക്സൈസ് ചെക്ക് പോസ്റ്റുകളിൽ സി.സി.ടി,വി. ക്യാമറ സ്ഥാപിക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ചെക്ക് പോസ്റ്റുകളുടെ നവീകരണം നടത്തുമ്പോൾ സ്ത്രീ ജീവനക്കാരുൾപ്പെടെയുള്ളവർക്ക് മതിയായ സൗകര്യങ്ങൾ ഉറപ്പുവരുത്തുവാൻ ശ്രദ്ധിക്കുമോ; | (ബി) | ഉറപ്പ് വരുത്തുന്നതാണ്. |
| (സി) | ഇത്തരം നവീകരണ പ്രവർത്തനം നടത്തുന്നതിലൂടെ ചെക്ക് പോസ്റ്റുകളിലെ അഴിമതി പൂർണ്ണമായും തടയുന്നതിനുള്ള നടപടി ഉണ്ടാകുമോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) | ചെക്ക് പോസ്റ്റുകളിൽ സി.സി.ടി,വി. ക്യാമറ സോളാർ ഹൈമാസ്റ്റ് ലാമ്പുകൾ തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിലൂടെ പരിശോധനകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും അഴിമതി തടയുന്നതിനും കഴിയും. |

സെക്ഷൻ ഓഫീസർ